**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **4156**

**25.06.2014** ൽ മറുപടിക്ക്

**തോട്ടപ്പള്ളി സ്പിൽവേ, തണ്ണീർമുക്കം ബണ്ട് എന്നിവയുടെ പുനരുദ്ധാരണം**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. തോമസ് ചാണ്ടി | | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവവകുപ്പ് മന്ത്രി) |
| (എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെട്ട തോട്ടപ്പള്ളി സ്പിൽവേ, തണ്ണീർമുക്കം ബണ്ട് എന്നിവയുടെ പുനരുദ്ധാരണത്തിന് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;<br><br>(ബി) പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(സി) കുട്ടനാട് പ്രോസ്പിരിറ്റി കൗൺസിൽ തീരുമാനിച്ച കാലയളവിൽ പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കുവാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ? | (എ) (ബി) & (സി) | തോട്ടപ്പള്ളി സ്പിൽവേയുടെ നിലവിലുള്ള ഷട്ടറുകൾക്ക് പകരം തുരുമ്പെടുക്കാത്ത സ്റ്റെയ്ൻലസ്സ് സ്റ്റീൽ ഉപയോഗിച്ചുള്ള ഷട്ടറുകൾ ഉപയോഗിക്കുന്നതിനും, ലീഡിംഗ് ചാനൽ നവീകരണത്തിനും, കടൽമുഖത്തുള്ള മണൽതിട്ട മാറ്റുന്നതിനും വേണ്ടി 13.49 കോടി രൂപ അടങ്കൽ വരുന്ന വിശദമായ പദ്ധതി റിപ്പോർട്ടാണ് തയ്യാറാക്കിയത്. തണ്ണീർമുക്കം ബണ്ടിന്റെ നിലവിലുള്ള ഷട്ടറുകൾക്ക് പകരം തുരുമ്പെടുക്കാത്ത സ്റ്റെയിൻലസ്സ് സ്റ്റീൽ ഉപയോഗിച്ചുള്ള ഷട്ടറുകളാക്കി ഉപയോഗിക്കുന്നതിനും, 3-ാം ഘട്ടം നിർമ്മിക്കു ന്നതിനുമായി 255.33 കോടി രൂപ അടങ്കൽ വരുന്ന വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി. ഈ 2 പദ്ധതി റിപ്പോർട്ടുകളും 2013 മെയ് മാസം കേന്ദ്രജല കമ്മീഷന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും, സംസ്ഥാന സർക്കാർ ഭരണാനുമതി നൽകുകയും ചെയ്തു. ടി പദ്ധതികളുടെ നടത്തിപ്പിലെ കാലതാമസം ഒഴിവാക്കുന്നതിനായി കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിക്കുന്നതുവരെ കാത്ത് നിൽക്കാതെ ദർഘാസ് നടപടികളുമായി മുന്നോട്ട് പോകുവാൻ തീരുമാനിക്കുകയുണ്ടായി.<br><br>തോട്ടപ്പള്ളി സ്പിൽവേ, തണ്ണീർമുക്കം ബണ്ട് എന്നിവയുടെ നിലവിലുള്ള ഷട്ടറുകൾ തുരുമ്പെടുക്കാത്ത സ്റ്റെയ്ൻലസ്സ് സ്റ്റീൽ ഉപയോഗിച്ചുള്ള ഷട്ടറുകളാക്കി മാറ്റുന്നതിനു മെക്കാനിക്കൽ വിഭാഗം ദർഘാസ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തോട്ടപ്പള്ളി ലീഡിംഗ് ചാനൽ മെക്കാനിക്കൽ വിഭാഗത്തിന്റെ ഡ്രഡ്ജറുകളുപയോഗിച്ച് നവീകരിച്ചു കൊണ്ടിരിക്കുകയാണ്. തണ്ണീർമുക്കം ബണ്ടിന്റെ 3-ാം ഘട്ടം നിർമ്മിക്കുന്ന |

തിനായുള്ള ദർഘാസ് 12-12-2013 ൽ സ്വീകരിക്കുകയും, ഇതിന്റെ തീർപ്പാക്കൽ സംബന്ധിച്ച തർക്കം ദർഘാസ് സമർപ്പിച്ച കെ.എസ്.സി.സി. ബഹു. ഹൈക്കോടതിയുടെ പരിഗണനയിൽ കൊണ്ടു വരുകയും, ബഹു. ഹൈക്കോടതി 09-06-2014 ൽ ടി കേസ് തള്ളുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ദർഘാസ് തുകയിൽ നിന്നും 3.75 % കുറച്ച് ദർഘാസ് സമർപ്പിച്ച മേരിമാത ടോമർ-റീഡ് കൺസോർഷ്യത്തിന് 15-06-2014 ൽ സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. ഇതിന്റെ പ്രവൃത്തി ജൂലൈ മാസം ആദ്യവാരം ആരംഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ